**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2956** **12-07-2022 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയ്ക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് വിവിധ മത്സ്യകൃഷി രീതികൾ നടപ്പിലാക്കി പൂർത്തീകരിച്ചു വരികയും ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>തദ്ദേശീയ മത്സ്യഇനങ്ങളായ വരാൽ, കാരി, കൂരി, കല്ലേമുട്ടി, കരിമീൻ എന്നിവയുടെ കൃഷിയും നടത്തിവരുന്നു.<br><br>2022-23 സാമ്പത്തിക വർഷത്തിൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 98.73 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. |
| (ബി) | പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾ വിപണിയിൽ പരിചയപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും സ്വീകാര്യത ഉറപ്പുവരുത്തുന്നതിനും പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങൾ വിപണിയിൽ പരിചയപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും സ്വീകാര്യത ഉറപ്പു വരുത്തുന്നതിനുമായി ഓരോ ജില്ലകളിലും ഫിഷറീസ് വകുപ്പ്, അഡാക്, മത്സ്യഫെഡ്, സാഫ് തുടങ്ങിയ ഏജൻസികളുടെ സ്റ്റാളുകൾ മുഖേന പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങൾ കൊണ്ടുള്ള വിഭവങ്ങൾ തയ്യാറാക്കി പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഇത്തരം പ്രചാരണങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | പ്രാദേശികമായി ലഭ്യമാകുന്ന മത്സ്യയിനം അനുസരിച്ച് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. നിയോജക മണ്ഡലാടിസ്ഥാനത്തിൽ പരിപാടികൾ ഏകോപിപ്പിക്കുന്നത് പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണോ; ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ? | (ഡി) | കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മാതൃകയിൽ മത്സ്യകൃഷി രംഗത്തും വിള ഇൻഷ്വറൻസ് പദ്ധതി അവലംബിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി

| ക്രമ നം: | മത്സ്യകൃഷി രീതി |
|---|---|
| 1. | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി |
| 2. | സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി |
| 3. | പൊതു കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി |
| 4. | ഒരു നെല്ലും ഒരു മീനും കൃഷി |
| 5. | അർദ്ധ ഊർജ്ജിത ഓരുജല മത്സ്യകൃഷി |
| 6. | ഓരുജലത്തിലെ വിശാല  മത്സ്യകൃഷി |
| 7. | ശാസ്ത്രീയ ചെമ്മീൻ കൃഷി |
| 8. | ഒരു നെല്ലും ഒരു ചെമ്മീനും  കൃഷി |
| 9. | ഞണ്ട് കൃഷി / കൊഴുപ്പിക്കൽ |
| 10. | പടുതാകുളത്തിലെ ഊർജിത ശുദ്ധജല മത്സ്യകൃഷി |
| 11. | ബയോഫ്ളോക്ക് കൃഷി (20 $m^3$) |
| 12. | ബയോഫ്ളോക്ക് കൃഷി (50 $m^3$) |
| 13. | ബയോഫ്ളോക്ക് കൃഷി (160 $m^3$) |
| 14. | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (50 $m^3$) |
| 15. | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (100 $m^3$) |
| 16. | ശുദ്ധജലത്തിലെ കൂടു കൃഷി |
| 17. | ഓരുജലത്തിലെ കൂടു കൃഷി |
| 18. | കല്ലുമ്മേക്കായ കൃഷി |
| 19. | പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദനം |
| 20. | പിന്നാമ്പുറങ്ങളിലെ വരാൽ വിത്തുല്പാദനം |